D2 3161/2021 Dated 29 05 2021

ബഹുമാനപെട്ട വ്യവസായ വകുപ്പ് മന്ത്രി ശ്രീ.പി. രാജീവ് അവർകളുടെ അധ്യക്ഷതയിലും ജില്ലയിലെ ബഹുമാനപെട്ട എം.പി മാർ , എം.എൽ .എ മാർ , കൊച്ചി കോർപറേഷൻ മേയർ , ജില്ലാ പഞ്ചായത് പ്രസിഡന്റ്,, ജില്ലാ കളക്ടർ , വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിധ്യത്തിലും 29 -05 -2021 ഉച്ചക്ക് 3 .00 മണിക്ക് ചേർന്ന മഴക്കാല മുന്നൊരുക്കം/ കോവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട മീറ്റിങ്ങിന്റെ മിനുട്സ് .

യോഗത്തിലേക്ക് ജില്ലാ കളക്ടർ എല്ലാവരെയും സ്വാഗതം ചെയ്തു. ജില്ലയിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് ജില്ലാകളക്ടർ യോഗത്തിൽ വിവരിച്ചു. എല്ലാ തദ്ദേശ സ്വയംഭരണസെക്രട്ടറിമാരെയും വിളിച്ചു കൂട്ടി ഇന്ന് രാവിലെ ഒരു യോഗം നടത്തുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് കാക്കനാട് / റീജിയണൽ ജോയിന്റ് ഡയറക്ടർ അർബൻ അഫയേഴ്സ് എറണാകുളം, സെക്രട്ടറി കൊച്ചിൻ കോർപ്പറേഷൻ എന്നിവർക്ക് നിർദ്ദേശം നൽകിയിരുന്നതായും ആയതിൻ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മീറ്റിംഗ് നടത്തിയിട്ടുള്ളതായും മീറ്റിംഗ് നടത്താത്ത തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ അടുത്ത ദിവസം തന്നെ മീറ്റിംഗ് കൂടുന്നതാണെന്നും അറിയിച്ചു.

മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിത പ്പെടുത്തുന്നതിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട എംഎൽഎമാരെ സഹായിക്കുന്നതിലേക്കും വിവിധ വകുപ്പുകളും പഞ്ചായത്തുകളുമായി ഏകോപനം ഉറപ്പു വരുത്തുന്നതിലേക്കും ബ്ലോക്ക് ഡവലപ്പ് മെന്റ് ഓഫീസർമാരെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ യോഗത്തിൽ വിവരിച്ചു

എല്ലാ താലൂക്കുകളിലും ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകിയിട്ടുള്ളതായും ഇൻസിഡന്റ് കമാൻണ്ടർമാരായി തഹസിൽദാർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായും മറ്റുവകുപ്പുകളിലെ ഉദ്യോഗസ്ഥരേയും സന്നദ്ധ സേവകരേയും ഉൾപ്പെടുത്തി ഐആർ എസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതായി ജില്ലാ കളക്ടർ അറിയിച്ചു.

പോലീസ്, ഫയർ ഫോഴ്സ് എന്നീ വകുപ്പുകൾക്ക് ആവശ്യമായ റെസ്ക്യൂ ഉപകരണങ്ങൾ സ്പോൺഷർഷിപ്പ് മുഖേന നൽകുന്നതിന് നടപടികൾ സ്വീകരിച്ചതായും വെള്ളപ്പൊക്കം ഉണ്ടാകുന്ന പക്ഷം അടിയന്തിരമായി ആളുകളെ ഒഴുപ്പിക്കുന്നതിന് പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ബോട്ടുകൾ ഏറ്റെടുത്ത് വയ്ക്കുന്നതിന് ഫിഷറീസ് വകുപ്പുമായി ചേർന്ന് നടപടി എടുത്തിട്ടുള്ളതും ജില്ലാ കളക്ടർ യോഗത്തെ അറിയിച്ചു.

ആദിവാസി കോളനികളിൽ 85% പേർക്ക് കോവിഡ് വാക്സിനേഷൻ നൽകിയതായി ജില്ലാ കളക്ടർ യോഗത്തെ അറിയിച്ചു. താലൂക്ക് ആശുപത്രികളിൽ കോവിഡാനന്തര ചികിസ്തയുടെ ഭാഗമായി ഫിസിയോതെറാപ്പി സൗകര്യം ഏർപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചതായും ജില്ലാ കളക്ടർ വിവരിച്ചു.

ചെല്ലാനം പഞ്ചായത്തിൽ ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ കോവിഡ് നിരക്ക് വർദ്ധന കണക്കിലെടുത്ത് തിങ്കളാഴ്ച മുതൽ സ്പെഷ്യൽ വാക്സിനേഷൻ പ്രോഗ്രാം ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ യോഗത്തിൽ വിവരിച്ചു .

നിലവിൽ ഓക്സിജൻ ബെഡ്ഡുകൾ ആവശ്യത്തിനുള്ളതായും മറ്റ് ജില്ലകളുടെ ആവശ്യങ്ങൾ കൂടി പരിഹരിക്കുവാൻ സാധിക്കുന്നതാണെന്നും ജില്ലാ കളക്ടർ അറിയിച്ചു.

ജില്ലയിലെ പ്രധാനപ്പെട്ട റെഗുലേറ്റർ കം ബ്രിഡ്ജുകളുടെ ഷട്ടറുകൾ അടിയന്തിരമായ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതായി ജില്ലാ കളക്ടർ യോഗത്തെ അറിയിച്ചു.

ജില്ലയിലെ കിടപ്പ് രോഗികൾക്ക് വീടുകളിൽ എത്തി കോവിഡ് വാക്സിനേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ജില്ലാ കളക്ടർ യോഗത്തെ അറിയിച്ചു.

തുടർന്ന് ബഹുമാനപ്പെട്ട എംഎൽഎ മാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് യോഗത്തെ അറിയിച്ചു.

1. പിഡബ്ല്യുഡി കാനകൾ, നാഷണൽ ഹൈവേകളിലുള്ള കാനകൾ, മെട്രോ മുഖാന്തിരം നിർമ്മിച്ച കാനകൾ എന്നിവ അടിയന്തിരമായി അതാത് വകുപ്പുകൾ/സ്ഥാപനങ്ങൾ വൃത്തിയാക്കേണ്ടതാണ് എന്നും ഇങ്ങനെ കോരി മാറ്റുന്ന അവശിഷ്ടങ്ങൾ കാനയുടെ ഭാഗത്ത് തന്നെ വയ്ക്കാതെ നീക്കം ചെയ്യേണ്ടതാണ് എന്നും കൂടാതെ റെയിൽവേയുടെ 23 കലുങ്കുകൾ അടിയന്തിരമായി ക്ലീൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചു.

2. മേജർ ഇറിഗേഷന്റെ കീഴിൽ വരുന്ന തോടുകളിൽ നിന്നും അടിയന്തിരമായി പോള നീക്കം ചെയ്ത് വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് സാധ്യമാകുന്നതിനുള്ള നടപടി സ്വീകിരിക്കുവാൻ നിർദ്ദേശിച്ചു. പെരിയാറിന്റെ തീരങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണൽ നിയമാനുസൃതമായി നീക്കം ചെയ്യുന്നതിന് ഗവൺമെന്റ് തലത്തിൽ തീരമാനം ഉണ്ടാകേണ്ടതാണെന്നും എം എൽ എ മാർ അറിയിച്ചു.

3. റോഡരികിലും വൈദ്യുതി ലൈനുകളുടെ മുകളിലും അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങളും ശാഖകളും അടിയന്തിരമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

4. ചിലവന്നൂർ, ചമ്പക്കര, ഇടപ്പള്ളി തോട് എന്നിവ അടിയന്തിരമായി ഡ്രഡ്ജ് ചെയ്യണമെന്നും തേവര പേരണ്ടന്നൂർ കനാൽ അടിയന്തിരമായി ഡീസിൽറ്റിംഗ് നടത്തേണ്ടതാണെന്നും കായൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടിസ്വീകരിക്കുന്നതിനും നിർദ്ദേശിച്ചു. കാരണക്കോടം അടിമുറി തോടുകൾ അടിയന്തിരമായി ക്ലീൻ ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചു.

5. ജലജന്യമായ രോഗങ്ങൾ പടർന്ന് പിടിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുവാനും പൈപ്പ് ലൈനുകൾ, ഇലക്ട്രിക് ലൈനുകൾ എന്നിവ പൊട്ടിയാൽ അടിയന്തിരമായി അത് പുന സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചു.

6. ഡാമുകളിൽ നിന്നും വെള്ളം തുറന്നു വിടുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ ജനപ്രതിനിധികളെ അറിയിക്കേണ്ടതാണെന്നും റസ്ക്യൂ ബോട്ടുകൾ കൂടുതലായി അനുവദിക്കുവാനും നിർദ്ദേശിച്ചു.

7. വെള്ളംപൊക്കം മൂലം ഫയർ ഫോഴ്സിന് എത്തിപ്പെടാൻ സാധിക്കാത്ത പ്രദേശങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ റസ്ക്യൂ ഉപകരണങ്ങൾ സജ്ജമാക്കിവയ്ക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു

8. പുഴതീരം ഇടിഞ്ഞത് പുന സ്ഥാപിക്കുന്നതിനുള്ള നടപടി അടിയന്തിരമായി എടുക്കണമെന്നും വെള്ളം കയറിയാൽ ഒറ്റപ്പെട്ടുപോകുന്ന കുട്ടമ്പുഴ പോലുള്ള പ്രദേശങ്ങളിൽ അടിയന്തിരമായ സഹായങ്ങൾ എത്തിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നും എംഎൽഎ മാർ അറിയിച്ചു.

9. മലങ്കര ഡാമിന്റെ വാട്ടർ ലെവൽ 39 അടിയിൽ നിന്നും താഴ് ത്തുന്നത് സംബന്ധിച്ച് ഗവൺമെന്റുമായി ആലോചിച്ച് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു.

10. കൃഷി നാശം സംഭവിച്ചവർക്കും വീടുകൾ തകർന്നവർക്കും അടിയന്തിരമായി ധനസഹായം ലഭ്യമാക്കുന്നതിന് നടപടി ഉണ്ടാകണമെന്ന് നിർദ്ദേശിച്ചു.

11. കായലിലെ എക്കൽ നീക്കുന്നതുമായി ബന്ധപ്പെട്ട് വിദഗ്ധരുമായി ആലോചിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ട ആവശ്യകത യോഗത്തിൽ അറിയിച്ചു.

12. വിസാ കാലാവധി കഴിയുന്നവർക്ക് അടിയന്തിരമായി വാക്സിനേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും 50% സ്പോട്ട് രജിസ്ട്രേഷൻ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുവാനും എം എൽ എ മാർ നിർദ്ദേശിച്ചു

13. ടെസ്റ്റ് പോസിറ്റീവിറ്റി നിരക്ക് കൂടുതലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പെഷ്യൽ വാക്സിനേഷൻ ഡ്രൈവ് നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ എംഎൽഎ മാർ നിർദ്ദേശിച്ചു.

14. ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സൗകര്യപ്രദമായ സമയക്രമത്തിൽ കെഎസ്.ആർടിസി ബസ്സുകൾ ഓടിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ എം എൽ എ മാർ നിർദ്ദേശിച്ചു.

ജില്ലയിലെ വാക്സിനേഷൻ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് തന്നെ ഒന്നാമത് നിൽക്കുന്നതായും വാക്സിനേഷൻ സംബന്ധിച്ച് എം എൽ എ മാർ ഉന്നയിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തുന്നതാണെന്നും ബഹു. വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് അറിയിച്ചു. കൂടാതെ ഡ്രൈ ഡേ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടു കൂടി നടത്തുവാൻ നിർദ്ദേശിച്ചു. നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ഇന്നുതന്നെ ബഹുമാനപ്പെട്ട എം എൽ എ മാരുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചു. ഡാമുകളിലെ ജലനിരക്ക് സംബന്ധിച്ച് സർക്കാർ തലത്തിൽ നിരീക്ഷിച്ചു വരുന്നുണ്ട് എന്നും വിവരങ്ങൾ അതത് സമയങ്ങളിൽ ജില്ലാ കളക്ടർ ജനപ്രതിനിധികൾക്ക് ലഭ്യമാക്കണമെന്നും നിർദേശിച്ചു .

ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കൂടുതലുള്ള പ്രദേശങ്ങളിൽ സ്പെഷ്യൽ വാക്സിനേഷൻ ഡ്രൈവ് നടത്തുവാൻ നിർദേശിച്ചു മേൽപ്രവർത്തനങ്ങൾക്ക് ജനപ്രതിനിധികളുടെയും വിവിധ വകുപ്പികളിലെ ഉദ്യോഗസ്ഥരുടെയും സഹകരണം ആവശ്യമാണെന്നും ബഹുമാനപ്പെട്ട മന്ത്രി കൂട്ടിച്ചേർത്തു.

യോഗം 4.50 ന് അവസാനിച്ചു.

ജില്ലാ കളക്ടർ

പങ്കെടുത്ത എല്ലാവർക്കും